## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2910 | 13.07.2015-ന് മറുപടി നൽകേണ്ടത്

### മുന്നോക്ക വികസന കോർപ്പറേഷൻ

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മുന്നോക്ക വികസന കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ ; | (എ) | കേരള സംസ്ഥാനത്തിലെ സംവരണ ആനുകൂല്യം ലഭിക്കാത്ത ജനവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനസമൂഹത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ 08.11.2012-ൽ പ്രവർത്തനം ആരംഭിച്ചു. 2013-14 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാരിന്റെ പദ്ധതി സഹായം ഉപയോഗിച്ച് താഴെ വിവരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>**1) വിദ്യാസമുന്നതി മത്സര പരീക്ഷാ പരിശീലന സഹായ പദ്ധതി**<br>ഈ പദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലനത്തിനും, തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് സിവിൽസർവ്വീസ്/ ബാങ്ക്/പി എസ് സി തുടങ്ങിയ മത്സര പരീക്ഷാ പരിശീലനത്തിനും ധനസഹായം നൽകിവരുന്നു.<br>**2) വിദ്യാസമുന്നതി സ്കോളർഷിപ്പ് പദ്ധതി**<br>ഈ പദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ഹൈസ്കൂൾ തലം മുതൽ ബിരുദാനന്തര ബിരുദതലം വരെയുള്ള പഠനത്തിന് സ്കോളർഷിപ്പുകൾ നൽകുന്നു. CA/ICWA/CS തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും, IIT, IIM, NIT തുടങ്ങിയ ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തുന്നവർക്കും പ്രത്യേക സ്കോളർഷിപ്പുകൾ നൽകിവരുന്നു.<br>**3) സംരംഭ സമുന്നതി**<br>സ്വയംതൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായക/കൂട്ടുത്തരവാദിത്വ സംഘങ്ങൾക്കായുള്ള പലിശ സഹായ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ടി സംഘങ്ങൾ Nationalised/Scheduled/Co-operative ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള വായ്പയിൽ പരമാവധിയായി 6 ലക്ഷം രൂപ വരെയുള്ള വായ്പാതുകയുടെ 4% പലിശ ഇളവായി നൽകുന്നു.<br>**4) നൈപുണ്യ സമുന്നതി**<br>യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി തൊഴിലിനു പ്രാപ്തരാക്കുന്ന പദ്ധതിയാണിത്. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷനും Kerala Academy for Skill Excellence-ഉം സംയുക്തമായി നടത്തുന്ന നൈപുണ്യ പരിശീലന പദ്ധതിയിൽ ഉദ്യോഗാർത്ഥിയുടെ കഴിവും അഭിരുചിയും കണക്കാക്കി അനുയോജ്യമായ തൊഴിൽ മേഖല തെരഞ്ഞെടുക്കാനുള്ള കൗൺസിലിംഗ്, അഡ്വാൻസ്ഡ് സോഫ്റ്റ് സ്കിൽസ്, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം എന്നിവയിൽ വിദഗ്ധ പരിശീലനം ലഭ്യമാക്കുന്നു.<br>**5) ഡാറ്റാ ബാങ്ക്**<br>സംസ്ഥാനത്തെ സംവരണേതര സമുദായ അംഗങ്ങളുടെ സാമൂഹിക അവസ്ഥ, തൊഴിൽ മേഖലകൾ, പൊതു ആരോഗ്യസ്ഥിതി, ആയുർദൈർഘ്യം, കുടുംബത്തിലെ അംഗങ്ങളുടെ ശരാശരി എണ്ണം, പാർപ്പിടങ്ങളുടെ സ്ഥിതി, വിദ്യാഭ്യാസയോഗ്യത, തൊഴിൽ മുൻഗണനകൾ തുടങ്ങി സമഗ്രമായ വിവരശേഖരണം നടത്താനുള്ള പദ്ധതിയാണിത്. ഇതുമായി ബന്ധപ്പെട്ട വിവരശേഖരണത്തിനുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ തയ്യാറായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോർപ്പറേഷൻ ഇപ്പോൾ ജില്ലകളിലെ അപേക്ഷകൾ എങ്ങനെയാണ് സ്വീകരിച്ച് വരുന്നത് : | (ബി) | തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കാര്യാലയം മാത്രമാണ് കോർപ്പറേഷന് നിലവിലുള്ളത്. പദ്ധതി ഗുണഭോക്താക്കളാകാനുള്ള അപേക്ഷകരിൽ നിന്നും ഓൺലൈൻ ആയും തപാൽ മാർഗവുമാണ് അപേക്ഷകൾ സ്വീകരിച്ചുവരുന്നത്. |
| (സി) | പ്രസ്തുത കോർപ്പറേഷൻ ചെയർമാന്റെയും ഓഫീസ് പ്രവർത്തനങ്ങളുടെയും ചെലവ് വിവരങ്ങൾ വ്യക്തമാക്കാമോ ? | (സി) | പ്രസ്തുത കോർപ്പറേഷന്റെ നടത്തിപ്പിനായി നാളിതുവരെ 2,39,31,820/- രൂപ ചെലവായിട്ടുണ്ട്. ഇതിൽ ചെയർമാന്റെ ഓണറേറിയം, യാത്രാപ്പടി, ടെലിഫോൺ ചാർജ് എന്നീ ഇനങ്ങളിലായി 2,16,857/- രൂപ നാളിതുവരെ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ